# ഉപവി

2026 ജനുവരി ◊ നമ്പർ 204

*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി*
*എറണാകുളം സെൻട്രൽ കൗൺസിൽ*
*പ്രസിദ്ധീകരണം*

*FOR PRIVATE CIRCULATION AMONG THE MEMBERS ONLY*

**SOCIETY OF ST. VINCENT DE PAUL**
ERNAKULAM CENTRAL COUNCIL
RENEWAL CENTRE, AZAD ROAD
KALOOR, ERNAKULAM



**EDITORIAL BOARD**

**Managing Editor**
Bro. Bently Thadikkaran

**Editor**
Bro. Johnson Paramban

**Members**
Bro. George Joseph
Bro. K.V. Paul
Bro. Joseph Kunjukurian
Bro. Paulachan Ousephkutty



**Printed and Published by**
Bently Thadikkaran
President
St. Vincent De Paul Society
Ernakulam Central Council

**Layout & Printed at**
St. Louis Printers
Thuruthipuram,Moothakunnam P.O.
: stlouispress1985@gmail.com



ഉപവിയിലേക്കുള്ള വാർത്തകൾ കോൺഫ്രൻസിന്റെ/എ.സി. യുടെ ലെറ്റർഹെഡിൽ എഴുതി പ്രസിഡന്റ് ഒപ്പിട്ട് എ.സി. പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അയക്കേണ്ടതാണ്. വാർത്തകളും മാറ്ററുകളും (ഫോട്ടോ ഉൾപ്പെടെ) സ്കാൻ ചെയ്ത്

upavi.ekm@gmail.com എന്ന e mail ID യിലേക്ക് അയക്കുക.


## എഡിറ്റോറിയൽ



സ്നേഹത്തിന്റെയും ശാന്തിയുടെയും സന്ദേശവുമായി ക്രിസ്തുമസ്സ് വീണ്ടും നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നു. മനുഷ്യരോടുള്ള ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹം ഒരു കുഞ്ഞായി ലോകത്തിലേക്ക് പിറന്ന ആ മഹാദിനം, നമ്മെ ഓർമ്മിപ്പിക്കുന്നത് പങ്കുവെക്കലിന്റെയും സേവനത്തിന്റെയും മൂല്യങ്ങളാണ്. ആ ക്രിസ്തുമസ്സ് പ്രകാശം പുതുവർഷത്തിന്റെ പ്രതീക്ഷകളുമായി ചേർന്നപ്പോൾ, പുതിയ തുടക്കങ്ങളുടെയും നവോന്മേഷത്തിന്റെയും വഴിയിലേക്ക് നമ്മൾ കടക്കുകയാണ്.

ഈ പുതുവർഷം നമ്മുടെ സൊസൈറ്റിക്ക് പ്രത്യേകമായ പ്രാധാന്യമുള്ളതുമാണ്. പുതിയ സെൻട്രൽ കൗൺസിൽ (സി.സി) ചുമതലയേറ്റെടുത്തിരിക്കുന്നു. ഉത്തരവാദിത്തം, സുതാര്യത, പരസ്നേഹം എന്നീ മൂല്യങ്ങളെ നെഞ്ചോടു ചേർത്തുകൊണ്ട്, കൂടുതൽ ശക്തമായ ഇടപെടലുകൾക്ക് നേതൃത്വം നൽകാൻ പുതിയ സി.സി സജ്ജമാണ്. ദരിദ്രരിലേക്കും വേദനിക്കുന്നവരിലേക്കും എത്തിച്ചേരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ക്രമബദ്ധവും ഫലപ്രദവുമാക്കുക എന്നതാണ് മുന്നിലുള്ള ദൗത്യം.

ക്രിസ്തുമസ്സ് നമ്മോട് ചോദിക്കുന്നത് 'നമ്മൾ മറ്റുള്ളവർക്കായി എന്ത് ചെയ്തു?' എന്ന ചോദ്യമാണ്. പുതുവർഷം നമ്മോട് പറയുന്നു 'ഇനിയും കൂടുതൽ ചെയ്യാം'' എന്ന്.

വിദ്യാഭ്യാസ സഹായം, രോഗിസഹായം, ദത്തുകുടുംബപിന്തുണ, ആത്മീയ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികളുമായി മുന്നോട്ട് പോകാൻ നമുക്ക് ഒരുമിക്കാം. ഓരോ വിൻസെൻഷ്യനും തന്റെ ചെറിയ പ്രവർത്തനങ്ങളിലൂടെ വലിയ മാറ്റങ്ങളുടെ ഭാഗമാകട്ടെ.

ഈ സന്തോഷകാലത്ത്, എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ്സ് ആശംസകളും സമൃദ്ധിയാർന്ന പുതുവർഷാശംസകളും നേരുന്നു. പുതിയ സി.സിക്ക് നമ്മുടെ പൂർണ്ണ പിന്തുണയും പ്രാർത്ഥനയും വാഗ്ദാനം ചെയ്യുന്നു.

സേവനത്തിലൂടെ സ്നേഹം പകരുന്ന ഒരു പുതുവർഷം നമ്മുക്ക് ഒരുമിച്ച് നിർമ്മിക്കാം.

**ജോൺസൺ പറമ്പൻ**
എഡിറ്റർ

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് അന്താരാഷ്ട്ര അംഗീകാരം




ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സാമൂഹിക സമത്വത്തിനുമായി 192 വർഷത്തിലധികമായി ആത്മാർഥമായി പ്രവർത്തിച്ചു വരുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഇന്റർനാഷണൽ കോൺഫെഡറേഷൻ, Fundación MAPFRE നൽകുന്ന "Best Organization for its Social Trajectory" (സാമൂഹിക പാരമ്പര്യത്തിൽ മികച്ച സംഘടന) എന്ന അന്താരാഷ്ട്ര പുരസ്കാരം നേടി. പുരസ്കാര ചടങ്ങ് സ്പെയിനിലെ മാഡ്രിഡ് നഗരത്തിലെ റിയൽ കാസിനോ ഡെ മാഡ്രിഡിൽ നടന്നു. ചടങ്ങിന് രാജ്ഞി സോഫിയ അധ്യക്ഷത വഹിച്ചു. പുരസ്കാരം കോൺഫെഡറേഷൻ പ്രസിഡന്റ് ജനറൽ ജുവാൻ മാനുവൽ ബി. ഗോമസ്, ഇന്റർനാഷണൽ കോൺസിൽ ജനറൽ പ്രതിനിധികളടങ്ങിയ സംഘത്തോടൊപ്പം ഏറ്റുവാങ്ങി.



# വചനമൊഴി

സ്നേഹമുള്ള വിൻസെൻഷ്യൻ കുടുംബാംഗങ്ങളേ,

ക്രിസ്തുമസും പുതുവത്സരവും വീണ്ടും നമ്മിലേക്ക് എത്തുന്നു. ക്രിസ്തുവിൽ ആയിരിക്കുന്നവർ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി, ഇതാ പുതിയത് വന്നിരിക്കുന്നു. (2 കോറി 5:17)

ദാന ബോധമാണ് ഏറ്റവും നല്ല ബോധം. കിട്ടിയതെല്ലാം ദാനമായിരുന്നെന്ന് ഓർത്തെടുക്കുക. 'നന്ദി ചൊല്ലി തീർക്കുവാൻ ജീവിതം പോര' എന്നു നമ്മൾ പാടാറില്ലേ.

വ്യവസായിയായ ഒരു മനുഷ്യൻ; പോക്കറ്റിൽ എപ്പോഴും ഒരു ചെറിയ കല്ല് അയാൾ കരുതി വച്ചിട്ടുണ്ട്. അയാൾ അതിനെ 'Gratitude Stone' എന്നാണ് വിളിക്കുക. എപ്പോഴൊക്കെ പോക്കറ്റിൽ കൈ ഇടുന്നുവോ അപ്പോഴൊക്കെ ആ കല്ല് ഒരു ഓർമ്മപ്പെടുത്തലാണ്. അന്ന് ആർക്കൊക്കെ നന്ദി പറയണം എന്ന്. അന്നേദിവസം പലർക്കും നന്ദി പറഞ്ഞു കൊണ്ടേയിരിക്കും. ഹൃദയത്തിന്റെ ഓർമ്മയാണ് നന്ദി. നന്ദി നിറഞ്ഞ മനുഷ്യരെപ്പോലെ പ്രകാശം പരത്തുന്ന മനുഷ്യർ അധികമുണ്ടാകില്ല.

പ്രത്യാശയുടെ ജൂബിലി വർഷത്തിൽ നിന്നും വീണ്ടും നമ്മൾ യാത്ര തുടരുമ്പോൾ പ്രത്യാശ നമ്മെ ഒരിക്കലും നിരാശരാക്കുന്നില്ല. "A Twist of my wrist can make you great" എന്ന് വായിച്ചതോർക്കുന്നു. നേടാൻ വേണ്ടി നീട്ടപ്പെട്ട കൈ ഒന്ന് തിരിച്ചു കഴിഞ്ഞാൽ നൽകാൻ വേണ്ടി മാറ്റപ്പെട്ട കൈയായി മാറും.

***ക്രിസ്തുമസ് പുതുവത്സരാശംസകൾ...***

**ഫാ. തോമസ് പെരുമായൻ**
സി.സി. ആത്മീയോപദേഷ്ടാവ്

# പ്രസിഡന്റിന്റെ കത്ത്





പ്രിയ വിൻസൻഷൻ സഹോദരരേ,

എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും നവവർഷത്തിന്റെയും ഹൃദയം നിറഞ്ഞ മംഗളാശംസകൾ സ്നേഹപൂർവ്വം നേരുന്നു. നമ്മുടെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ സാന്നിധ്യം നമ്മെ മുന്നോട്ടു നയിക്കുവാനും എല്ലായ്പ്പോഴും കൂടെയുണ്ടാകുവാനും തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ആറു വർഷക്കാലം എറണാകുളം സെൻട്രൽ കൗൺസിലിനെ നയിക്കുവാൻ അനുഗ്രഹം നൽകിയ ദൈവത്തിന് ആദ്യം തന്നെ നന്ദി അർപ്പിക്കുന്നു. എന്നെ എപ്പോഴും വഴി നടത്തിയതും വഴി നടത്തുന്നതുമായ ദൈവവചനം: "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യുവാൻ എനിക്കു സാധിക്കും" (ഫിലി. 4:13) എന്നതാണ്. "ഞാനെന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" എന്ന ബോധ്യത്തോടെ ദൈവം വഴിനടത്തി ഈ ദൗത്യം നിർവ്വഹിക്കാൻ കഴിഞ്ഞതായി വിനയപൂർവ്വം സാക്ഷ്യപ്പെടുത്തുന്നു.

എല്ലാവരുടെയും സഹായവും സഹകരണവുംകൊണ്ട് കഴിഞ്ഞ വർഷങ്ങളിൽ എന്നെ ഏൽപ്പിച്ച ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് ഈ അവസരത്തിൽ സന്തോഷത്തോടെ പറയുന്നു. നാഷണൽ കൗൺസിലിൽ നിന്നും, കേരള റീജിയണൽ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നിന്നും, നമ്മുടെ സി.സി.യിലെ ബോർഡ് അംഗങ്ങളിൽ നിന്നും, എ.സി.കളിൽ നിന്നും, കോൺഫ്രൻസുകളിൽ നിന്നും ലഭിച്ച നിർലോഭമായ സഹകരണം പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു.

ആദ്യ രണ്ടു വർഷങ്ങൾ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രവർത്തനങ്ങൾക്ക് ചില തടസ്സങ്ങൾ നേരിട്ടുവെങ്കിലും, ഓൺലൈൻ സംവിധാനങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് പ്രവർത്തനങ്ങൾ മുടക്കം കൂടാതെ ഏകോപിപ്പിക്കാൻ നമുക്ക് സാധിച്ചു. ഇന്ത്യയിലെ സെൻട്രൽ കൗൺസിലുകളിൽ എറണാകുളം സി.സി. ഇന്നും ഭൂരിഭാഗം മേഖലകളിലും മുൻനിരയിൽ നിലകൊള്ളുന്നതിൽ നമുക്ക് അഭിമാനിക്കാം. ഇത് സാധ്യമാകുന്നത് നമ്മുടെ സി.സി.യിലെ വിൻസെൻഷ്യൻ പ്രവർത്തകർ ഒത്തൊരുമിച്ച് ഉള്ളവും ഉള്ളതും നൽകിക്കൊണ്ട് പ്രവർത്തിക്കുന്നതിനാലാണെന്ന് സ്നേഹപൂർവ്വം രേഖപ്പെടുത്തുന്നു.

നാം ആരംഭിച്ച ഓസാനം എഡ്യൂക്കേഷണൽ അസിസ്റ്റൻസ് പദ്ധതി (OEAS), കിഡ്നി രോഗികൾക്ക് ആശ്വാസമായ വിൻസൊലാസ് പദ്ധതി, റിസോഴ്സ് ടീം പരിശീലനങ്ങൾ, വിവിധ പ്രദേശങ്ങളിൽ ദുരിതമുണ്ടായപ്പോൾ കൈമെയ് മറന്ന് നൽകിയ സഹായങ്ങൾ എന്നിവ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ഈ സഹകരണം ഇനിയും തുടർന്നും ഉണ്ടാകണമെന്നു വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം, നമുക്ക് ഇനിയും ഇതിലുമധികം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ കഴിയുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അവശതയും അതിദാരിദ്ര്യവും അനുഭവിക്കുന്ന അനേകം സഹോദരങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ടെന്നത് നാം ഒരിക്കലും മറക്കരുത്. അവരും നമ്മുടെ സ്നേഹ സേവനത്തിന് അർഹിക്കുന്നവരാണെന്ന ബോധ്യം നമ്മെ കൂടുതൽ പ്രവർത്തനങ്ങളിലേക്ക് നയിക്കട്ടെ.

സി.സി.യിലെ ഓരോ ബോർഡ് അംഗങ്ങളോടും, എ.സി. പ്രസിഡന്റുമാരോടും, കോൺഫറൻസ് പ്രസിഡന്റുമാരോടും, സി.സി. ആത്മീയ ഉപദേഷ്ടാക്കളോടും, എല്ലാ പ്രവർത്തകരോടും ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനയും അറിയിക്കുന്നു. ഓരോരുത്തരുടെയും പേര് പ്രത്യേകം എടുത്തുപറയുന്നില്ല; അതുവഴി ചിലരുടെ പേര് വിട്ടുപോകാൻ ഇടയുണ്ടാകുമെന്ന ഭയം കൊണ്ടാണ്. അതിനാൽ പരിഭവം ഉണ്ടാകരുതെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

അടുത്ത ആറു വർഷക്കാലം സി.സിയെ നയിക്കുവാൻ നിയുക്തനായിരിക്കുന്ന ബ്രദർ പീറ്റർ സെബാസ്റ്റ്യന് ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും നേരുന്നു. എനിക്ക് നിങ്ങൾ എല്ലാവരും നൽകിയ സ്നേഹവും സഹായ സഹകരണവും അദ്ദേഹത്തിനും തുടർന്നും നൽകണമെന്ന് ഈ അവസരത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ഒരിക്കൽ കൂടി ഓർമ്മിപ്പിക്കട്ടെ; നമ്മുടെ കഴിവുകളല്ല, മറിച്ച് ദൈവമാണ് നമ്മെ വഴിനടത്തുന്നതും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും നയിക്കുന്നതും. അതിനാൽ നാമോരോരുത്തരുടെയും പ്രാർത്ഥനകൾ അത്യന്താപേക്ഷിതമാണ്. അത് ഒരിക്കലും മറക്കരുത്.

ഒരിക്കൽ കൂടി എല്ലാവരുടെയും പ്രാർത്ഥനകൾക്കും സഹകരണങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

പ്രാർത്ഥനാപൂർവ്വം,

**ബെന്റ്ലി താടിക്കാരൻ**

04.01.2026 സി.സി. പ്രസിഡന്റ്

■



# VIN - SOLANCE PROJECT

## വിൻസെൻഷ്യൻ സാന്ത്വനം.




**ബ്ര. സി.പി. സെബാസ്റ്റ്യൻ**<br>
കോ. ഓർഡിനേറ്റർ<br>
വിൻ - സൊലൻസ് പ്രോജക്റ്റ്


**എ**റണാകുളം സെൻ്ററൽ കൗൺസിലിൻ്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി രൂപം കൊടുത്ത ഒരു ജീവകാരുണ്യ പദ്ധതിയാണ്. ഇന്ന് നമ്മുടെ സമൂഹത്തിൽ ജീവിതശൈലിയും മറ്റു കാരണങ്ങളാലും വൃക്ക രോഗികൾ ആകുകയും ആഴ്ചയിൽ രണ്ടും മൂന്നും ഡയാലിസിസ് നടത്തി ജീവിതം ദുരിത പൂർണ്ണമായി മുന്നോട്ട് കൊണ്ട് പോകുന്ന അനേകം പേരുണ്ട്.

പദ്ധതി പ്രഖ്യാപനത്തിൻ്റെ ആരംഭ ഘട്ടത്തിൽ ചില ആശങ്കകൾ ഉയർന്നുവന്നെങ്കിലും കഴിഞ്ഞ ഒരു വർഷം തുടർച്ചയായി 428 രോഗികൾക്ക് പ്രതിമാസം 1000 രൂപ വെച്ച് ആകെ 54,41,157 രൂപ സി.സിയിൽ നിന്നു വിതരണം ചെയ്യാൻ സാധിച്ചു. പല കോൺഫ്രറൻസുകളും ഇതിനോട് ചേർത്ത് കൂടുതൽ തുക വിതരണം ചെയ്തിട്ടുണ്ട്.

2024 ഒക്ടോബർ മാസം നടന്ന വാർഷിക സമ്മേളത്തിൽവച്ചു സുപ്രീം കോടതി മുൻ ജഡ്ജി ബഹു. കുര്യൻ ജോസഫ് ആണ് ഈ

പദ്ധതി ഔചാരികമായി ഉദ്ഘാടനം ചെയ്തത്. മഹത്തായ ഒരു പദ്ധതിയാണ് ഇത് എന്നും രോഗികളും അവരുടെ കുടുംബാഗങ്ങളും നേരിടുന്ന വേദനകൾക്ക് ഒരു ചെറിയ സമാശ്വസമാകട്ടെ എന്നും അദ്ദേഹം ആശംസിച്ചു. അതോടപ്പം ഈ പദ്ധതിക്ക് വേണ്ടി ഓരോ കോൺഫറൻസുകൾക്കും നൽകിയ കൂപ്പണുകളുടെ ആകെ തുകയായ 1.75 ലക്ഷം രൂപ ഈ പദ്ധതിക്കായി നൽകി പ്രോത്സാനം നൽകുകയും ചെയ്തു.

പ്രാദേശിക കാഴ്ചപാടുകൾ മറന്നു തങ്ങളുടെ കോൺഫ്രറൻസുകളിൽ രോഗികൾ ഇല്ലെങ്കിലും വലിയ തുകൾ സംഭരിച്ച് ഈ പദ്ധതിയോട് സഹകരിച്ച എല്ലാ കോൺഫറൻസുകളെയും സ്നേഹപൂർവ്വം ഓർക്കുന്നു. കോൺഫറൻസുകൾക്ക് നൽകിയ മുഴുവൻ കൂപ്പണുകൾ വിതരണം ചെയ്തു. 1.75 ലക്ഷം രൂപ സംഭരിച്ച മൂഴിക്കുളം എ.സി.യിലെ സെന്റ് സേവ്യേഴ്സ് കോൺഫറൻസ് പ്രസിഡന്റിനും പ്രവർത്തകർക്കും, വല്ലം എ.സി. യിലെ തോട്ടുവ സെന്റ് ജോസഫ് കോൺഫറൻസ് പ്രവർത്തകർക്കും പ്രത്യേകം അനുമോദനങ്ങൾ.

കഴിഞ്ഞ ഒരു വർഷം കൊണ്ട് കോൺഫറൻസുകളിൽ നിന്നും മറ്റു അഭ്യുദയ കാംക്ഷികളിൽ നിന്നുമായി 49,26843 രൂപയാണ് സി.സി.യിൽ വരവായി ലഭിച്ചിട്ടുള്ളത്. 428 ഡയലിസിസ് രോഗികൾക്കായി സി.സി. വിഹിതം ഉൾപ്പെടെ ഏരിയ കൗൺസിലുകൾക്ക് 54,41157 രൂപ വിതരണം ചെയ്തു കഴിഞ്ഞു.

വിൻസെഷ്യൻ പ്രവർത്തകരുടെ ആത്മീയ വളർച്ച ലക്ഷ്യമാക്കുകയും വൃക്ക രോഗികൾക്ക് ആശ്വാസമായി തീരുകയും ചെയ്യുന്ന ഒരു തുടർപദ്ധതിയായി എല്ലാ കോൺഫറൻസുകളും ഏറ്റെടുക്കണമെന്നു അഭ്യർത്ഥിക്കുന്നു.

സി.സി.യുടെ നേതൃത്വത്തിൽ രൂപം കൊടുത്ത ഈ പദ്ധതിയെ തൃപ്തികരമായി വിജയിപ്പിക്കാൻ പരിശ്രമിച്ച സി.സി. ബോർഡ് അംഗങ്ങൾ, എ.സി. പ്രസിഡന്റുമാർ, കോൺഫറൻസ് പ്രസിഡന്റുമാർ, വിൻസെഷൻ പ്രവർത്തകർ, സഹായാംഗങ്ങൾ ആദ്ധ്യാത്മിക ഉപദേഷ്ടാക്കൾ, സാമ്പത്തികമായി ഈ പദ്ധതിയെ സഹായിച്ച ബഹുമാന്യരായ എല്ലാ ഗുണകാംക്ഷികൾ, തുടങ്ങിയ എല്ലാവർക്കും സെന്റ്റൽ കൗൺസിലിന്റെയും വിൻ സൊലൻസ് പ്രാജക്റ്റിന്റെ കോ-ഓർഡിനേറ്റർ എന്ന നിലയുമുള്ള എല്ലാ നന്ദിയും പ്രാർത്ഥനകളും ഏറെ സ്നേഹപൂർവ്വം നേരുന്നു.

■



# ജൂബിലോൺ



**ബ്ര. ടോമിച്ചൻ ഇണ്ടിക്കുഴിയിൽ**
സി.സി. വൈസ് പ്രസിഡന്റ്
(പ്രോജക്ട് & ജൂബിലോൺ)

**2**000-ാം വർഷത്തിലെ മഹാജൂബിലിയോടനുബന്ധിച്ച് നാഷണൽ കൗൺസിലിൽ നിന്നു ലഭിച്ച 1,00,000 രൂപയാണ് ജൂബിലോൺ പദ്ധതിയുടെ തുടക്കം. ബ്രദർ എ.വി. സേവ്യർ സി.സി. പ്രസിഡന്റ് ആയിരുന്ന കാലഘട്ടത്തിലാണ് ഈ സഹായം ലഭിച്ചത്. ജൂബിലിയുടെ സ്മരണാർത്ഥം ഈ തുക 10,000 രൂപ വീതം മിതമായ പലിശയോടുകൂടി ലോൺ നൽകാനും, പദ്ധതിക്ക് "ജൂബിലോൺ" എന്ന പേര് നൽകാനും തീരുമാനിച്ചു.

തുടർന്ന് സി.സി. പ്രസിഡന്റ്മാരായ ബ്രദർ ഫ്രാൻസിസ് ആന്റണി, ബ്രദർ ബേബി തെക്കൻ എന്നിവർ സേവനമനുഷ്ഠിച്ച കാലഘട്ടങ്ങളിലും ഈ പദ്ധതി തുടർച്ചയായി നടപ്പിലാക്കി.

എറണാകുളം സെൻട്രൽ കൗൺസിൽ 60 വർഷം പൂർത്തിയാക്കിയ അവസരത്തിൽ നടപ്പാക്കിയ 60 ഇന പരിപാടികളിലൊന്നായ കുടുക്ക കളക്ഷൻ വഴി സമാഹരിച്ച തുകയിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചതിന് ശേഷം മിച്ചമായി ലഭിച്ച 3.97 ലക്ഷം രൂപ, ബ്രദർ ജോർജ്ജ് ജോസഫ് പ്രസിഡന്റ് ആയിരുന്ന കാലത്ത് ജൂബിലോണിൽ ലയിപ്പിച്ചു. അതോടൊപ്പം, ജൂബിലോൺ പലിശ രഹിതമാക്കാനും സി.സി. തീരുമാനിച്ചു.

ബ്രദർ ബെന്റ്‌ലി താടിക്കാരൻ പ്രസിഡന്റ് ആയിരുന്ന കാലഘട്ടത്തിൽ, ജൂബിലോൺ തുക 25,000 രൂപ ആയി വർധിപ്പിക്കുകയും, അപേക്ഷ ലഭിക്കുന്ന സാഹചര്യത്തിൽ ഫണ്ടിൽ തുക ലഭ്യമാണെങ്കിൽ അന്നുതന്നെ വിതരണം ചെയ്യുന്ന രീതിയിലേക്ക് ജൂബിലോൺ കൂടുതൽ സജീവമാക്കുകയും ചെയ്തു.

നമ്മൾ ജൂബിലോണായി കഴിഞ്ഞ സാമ്പത്തീക വർഷം കൊടുത്തത് 85 പേർക്കായി 16,40,000 രൂപയാണ്. അതിൽ നിന്ന് തിരികെ ലഭിച്ചത് 14,97,400 രൂപയാണ്.


| | | |
|---|---|---|
| മുൻ നീക്കിയിരിക്ക് | – | 397000 |
| 24 എസികളിൽ 23 എസികൾ 10000 രൂപ വച്ച് നൽകിയത് | – | 230000 |
| പാലാരിവട്ടം എ.സി. | – | 50000 |
| സെൻട്രൽ കൗൺസിൽ നിന്നും ഉള്ള വരവ് | – | 500000 |
| പാലാരിവട്ടം എ.സി. യിലെ സെന്റ് ജോസഫ് കോൺഫറൻസ് വാഴക്കാല | – | 100000 |
| തലയോലപ്പറമ്പ് എ.സി. യിലെ കീച്ചേരി ഹോളി ഫാമിലി കോൺഫറൻസ് സി.സി.യിലേക്ക് പലിശരഹിതമായി കൊടുത്തത് | – | 100000 |
| **ആകെ ക്യാപ്പിറ്റൽ ഫണ്ട്** | **–** | **1377000** |

ഇതിലേക്ക് സഹകരിച്ച എല്ലാ എ.സി. പ്രസിഡന്റുമാരെയും പ്രത്യേകിച്ച് പാലാരിവട്ടം എ.സി.യെയും പാലാരിവട്ടം എ.സി.യിലുള്ള വാഴക്കാല സെന്റ് ജോസഫ് കോൺഫറൻസിനെയും തലയോലപ്പറമ്പ് എ.സി. യെയും തലയോലപ്പറമ്പ് കീച്ചേരി ഹോളി ഫാമിലി കോൺഫറൻസിനെയും നന്ദിയോടെ ഓർക്കുന്നു. ■

**"വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തിയില്ലാതിരിക്കുകയും ചെയ്യുന്നവനു എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിനു അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ, സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിൽ ആരെങ്കിലും ശരീരത്തിനാവശ്യമായതു അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോകുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്."**

*(യാക്കോബ് 2:14 - 17)*

# എക്സ്റ്റൻഷൻ - അഗ്രിക്കേഷൻ



പ്രിയ സഹോദരങ്ങളെ,

2025ന്റെ അന്ത്യപാദത്തിലാണ് നാം. കുറച്ചു ദിവസങ്ങൾ കഴിഞ്ഞാൽ നാം പുതുവർഷത്തിലേക്ക് പ്രവേശിക്കും. അതിനർത്ഥം ഒരു വർഷം കൂടി തമ്പുരാൻ നമുക്ക് ദാനം തന്നിരിക്കുന്നു.

ഒന്നര നൂറ്റാണ്ടായി ലോകത്തിലെ 155 രാജ്യങ്ങളിലായി 8 ലക്ഷത്തോളം അംഗങ്ങളും 15 ലക്ഷത്തോളം വളണ്ടിയർമാരും ചേർന്ന് 3 കോടി മനുഷ്യർക്ക് എല്ലാ ദിവസവും സഹായം എത്തിച്ചുകൊണ്ട് കത്തോലിക്കാ സഭയുടെ ഉപവി പ്രവർത്തനങ്ങളുടെ മുഖമായി തീർന്നിട്ടുള്ള സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെ അംഗത്വം സ്വീകരിച്ചിരിക്കുന്ന നാം ഓരോരുത്തരുടെയും ഉത്തരവാദിത്വത്തിന്റെ ഗൗരവം നമുക്കെല്ലാവർക്കും അറിയാമല്ലോ.

ആ വലിയ ഉത്തരവാദിത്വത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപത അതിർത്തിയിൽ സൊസൈറ്റിയെ അറിയാത്ത ആരുമില്ല എന്ന് ഉറപ്പുവരുത്തക്ക പ്രവർത്തനങ്ങൾ നാം ആവിഷ്കരിക്കണം. കഴിഞ്ഞ ഒരു വർഷം ഒരു യൂത്ത് കോൺഫറൻസും ആറു വനിതാ കോൺഫറൻസും നാല് പുരുഷ കോൺഫറൻസുകളും ആരംഭിക്കാൻ നമുക്ക് സാധിച്ചു എന്നത് ചാരിതാർത്ഥ ജനകമാണ്. എന്നാൽ നമ്മുടെ അതിരൂപത അതിർത്തിയിൽ ഇനിയും കോൺഫറൻസുകൾ ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളും ഇടവക കൂട്ടായ്മകളും ഉണ്ട് എന്നത് നാം വിസ്മരിക്കരുത്. നാം സപ്തതി പിന്നിട്ടിരിക്കുന്നു. പ്ലാറ്റിനം ജൂബിലി ആഘോഷിക്കുമ്പോൾ കോൺഫറൻസുകൾ സ്ഥാപിച്ചിട്ടില്ലാതെ ഇടവകകൾ, മിഷൻ കേന്ദ്രങ്ങൾ, സ്കൂളുകൾ, കോളേജുകൾ, സെമിനാരികൾ, ഫാക്ടറികൾ, ആശുപത്രികൾ എന്നിവ നമ്മുടെ അതിരൂപത അതിർത്തിയിൽ ഇല്ല എന്ന് ഉറപ്പുവരുത്തക്ക രീതിയിലുള്ള ഉപവി പ്രവർത്തനങ്ങൾ നാം തുടങ്ങുകയും തുടരുകയും വേണം.

സൊസൈറ്റിയുടെ ഭാവി യുവ അംഗങ്ങളിലും കുട്ടികളിലും ആണ് എന്നുള്ള പ്രധാന കാര്യം നാം വിസ്മരിക്കരുത്. അതിനാൽ ഓരോ കോൺഫറൻസിനും ഓരോ പ്രവർത്തന വർഷവും രണ്ട് യുവ അംഗങ്ങളേയും ചേർക്കാൻത്തക്ക പരിപാടികൾ ആവിഷ്കരിക്കണം. ഓരോ കോൺഫറൻസിന്റെ കീഴിലും ഒരു ജൂനിയർ കോൺഫറൻസ് പ്രവർത്തിക്കുന്നുണ്ട് എന്ന തരത്തിലും നാം പ്രവർത്തനങ്ങൾ ക്രമീകരിക്കണം. അതുപോലെ ഈ കാലഘട്ടത്തിന്റെ അടിയന്തരശ്രദ്ധ വേണ്ടുന്ന ഒരു കാര്യം അവഗണന അനുഭവിക്കുന്ന വൃദ്ധജനങ്ങൾക്ക് വ്യക്തിഗത പരിഗണന നൽകുന്ന തരത്തിൽ പുതിയ വനിതാ കോൺഫറൻസുകൾ ആരംഭിക്കുവാൻ ഉള്ള ശ്രമം നടത്തുകയും വേണം.


ഒരു വർഷം പൂർത്തീകരിച്ച എല്ലാ കോൺഫറൻസുകൾക്കും സി.സി.യിൽ നിന്നും പ്രോത്സാഹന സമ്മാനം നൽകിവരുന്നുണ്ട്. ആയത് പ്രാരംഭഘട്ടത്തിലുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടുള്ളതാണ്. ഒരു വർഷം പൂർത്തിയായ കോൺഫറൻസുകളുടെ വിവരങ്ങൾ എ.സി. പ്രസിഡന്റുമാർ ഏൽപ്പിക്കുമല്ലോ.

അഗ്രിഗേഷനു അപേക്ഷിച്ചിട്ടുള്ള കോൺഫറൻസുകൾക്കെല്ലാം അധികം താമസിയാതെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകും എന്നാണ് നാഷണൽ കൗൺസിലിൽ നിന്നും അറിയിച്ചിട്ടുള്ളത്. നമുക്ക് ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള വിവിധങ്ങളായ കഴിവുകൾക്ക് അനുസരിച്ച് നാം പ്രവർത്തിച്ചു എന്ന് ദിവ്യനാഥന്റെ മുൻപാകെ പറയുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ.

സ്നേഹ ആശംസകളോടെ,

**പി.എ. മാർട്ടിൻ റോയ്**
സി.സി. വൈസ് പ്രസിഡന്റ്
ഇൻ ചാർജ് ഓഫ് അഗ്രിക്കേഷൻ & എക്സ്റ്റൻഷൻ

**"ഉപവി എന്നത് വെറുമൊരു ദാനമല്ല,**
**അത് ഒരാളുടെ ഹൃദയത്തിൽ നിന്ന്**
**മറ്റൊരാളുടെ ഹൃദയത്തിലേക്കുള്ള പാലമാണ്."**



# ഓസാനം എജുക്കേഷൻ അസിസ്റ്റൻസ് സ്കീം (OEAS)



**കൊ**റോണ മഹാമാരിക്ക് ശേഷം, സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നിരവധി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം തുടരാൻ കഴിയാത്ത സാഹചര്യം എറണാകുളം സെൻട്രൽ കൗൺസിൽ തിരിച്ചറിഞ്ഞു. ഈ യാഥാർത്ഥ്യം മുൻനിർത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിർധന വിദ്യാർത്ഥികൾക്കായി ഓസാനം എജുക്കേഷൻ അസിസ്റ്റൻസ് സ്കീം (OEAS) 2022ൽ സൊസൈറ്റി ഓഫ് സെൻറ് വിൻസൻറ് ഡി പോൾ, എറണാകുളം സെൻട്രൽ കൗൺസിൽ ആരംഭിച്ചു.

മുൻകാല വിദ്യാഭ്യാസ സഹായ പദ്ധതികളെക്കാൾ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളോടെയും, സമൂഹത്തിലേക്ക് കൂടുതൽ ഫലപ്രദമായി ഇടപെടുന്ന രീതിയിലുമാണ് OEAS പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

**പദ്ധതിയുടെ ഘടന**

OEAS പദ്ധതി നാല് സ്കീമുകളിലൂടെയാണ് നടപ്പാക്കുന്നത്:

- പ്രൊഫഷണൽ കോഴ്സുകൾക്ക് –10,000
- ബിരുദ കോഴ്സുകൾക്ക് –5,000
- ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് –3,000
- എക്സ്ക്ലൂസീവ് സ്കീം : അംഗീകൃത കോഴ്സുകളുടെ മുഴുവൻ വിദ്യാഭ്യാസ ചെലവുകൾ

ഓരോ വർഷവും എല്ലാ കോൺഫറൻസുകളും കുറഞ്ഞത് ഒരു നിർധന വിദ്യാർത്ഥിയെ കണ്ടെത്തി സഹായിക്കണമെന്ന് പദ്ധതി നിർദ്ദേശിക്കുന്നു.

**നടപ്പാക്കലും നേട്ടങ്ങളും**

സ്പോൺസർഷിപ്പുകൾ, പ്രത്യേക പദ്ധതികൾ മുഖേന ധനസമാഹരണം നടത്തി, കോൺഫറൻസുകൾ വഴി വിദ്യാർത്ഥികളെ കണ്ടെത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. കോൺഫറൻസ്, എ.സി., സി.സി. തലങ്ങളിലെ ധനസമാഹരണത്തിലൂടെ അർഹരായ വിദ്യാർത്ഥികൾക്ക് വിനിയോഗിക്കുന്നു.

**2022–23 ൽ 1277 വിദ്യാർത്ഥികൾക്ക് 81.88 ലക്ഷം**

**2023–24 ൽ 832 വിദ്യാർത്ഥികൾക്ക് 73.21 ലക്ഷം**

**2024–25 ൽ 625 വിദ്യാർത്ഥികൾക്ക് 49.31 ലക്ഷം**

എന്നിങ്ങനെ, പദ്ധതി ആരംഭിച്ചതിനുശേഷം ഇതുവരെ ഏകദേശം 3200– ലധികം വിദ്യാർത്ഥികൾക്ക് രണ്ടര കോടി രൂപയിലധികം വിദ്യാഭ്യാസ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ജാതി, മത, വർഗ്ഗ വ്യത്യാസങ്ങൾക്കതീതമായി എല്ലാ വിദ്യാർത്ഥികളെയും സമഭാവനയോടെ പരിഗണിച്ചാണ് OEAS പദ്ധതി നടപ്പിലാക്കുന്നത്. ഇന്ന് നൽകുന്ന ഈ ചെറിയ സഹായങ്ങൾ നാളെയുടെ വലിയ സ്വപ്നങ്ങൾക്ക് കരുത്താകുമെന്ന് എറണാകുളം സെൻട്രൽ കൗൺസിൽ വിശ്വസിക്കുന്നു.

സ്നേഹപൂർവ്വം

**ബ്രദർ. പീറ്റർ സെബാസ്റ്റ്യൻ**
OEAS കോർഡിനേറ്റർ

**“അദ്ദേഹം യുവാക്കളുടെ ആത്മാക്കളെ ക്രിസ്തുവിനുവേണ്ടി നേടിയെടുത്തു.”**

**ഫ്രെഡറിക് ഓസനാമിന്റെ കുഴിമാടത്തിൽ ആബേ ലക്കോർഡയറുടെ നിർദ്ദേശമനുസരിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വാക്യമാണിത്. ലക്കോർഡയറെപ്പോലെ ഓസനാമിന്റെ ആത്മാവു കണ്ടെത്തിയവർ ആരും തന്നെ ഉണ്ടായിരുന്നില്ല.**



# 'നമുക്ക് അർഹതയില്ലാത്തത് നമ്മുടെ ഹൃദയം താങ്ങൂല്

**ബ്രദർ സാജൻ ഇ.എ.**
കിഴക്കമ്പലം എ.സി.
വി. പത്താം പീയൂസ് കോൺഫ്രൻസ്

**ഒരു ചെറിയ സംഭവ കഥ പറയാം.**

ആയിരത്തിന്റെയും, അഞ്ഞൂറിന്റെയും നോട്ട് നിരോധനം വന്നകാലത്തെ ഒരു ബസ്സ് യാത്ര, ബസ്സിൽ നല്ല തിരക്കുണ്ടായിരുന്നു. ഞാൻ നിന്ന സ്ഥലത്ത് നിന്ന് താഴേക്ക് നോക്കിയപ്പോൾ എന്റെ കാലിന്റെ അരികിൽ രണ്ടായി മടക്കിയ ഒരു കെട്ട് അഞ്ഞൂറിന്റെ നോട്ട്. ഞാൻ അത് കുനിഞ്ഞു എടുത്തു പോക്കറ്റിൽ ഇട്ടതിനു ശേഷം എന്റെ അടുത്തു സീറ്റിൽ ഇരുന്നിരുന്ന യാത്രക്കാരനോട് ചോദിച്ചു, പൈസ വല്ലതും പോയിട്ടുണ്ടോ എന്ന്, അപ്പോൾ അദ്ദേഹം പോക്കറ്റിൽ നോക്കിയിട്ട് പറഞ്ഞു ഇല്ലന്ന്. ആ നിമിഷം മുതൽ എന്റെ ഹാർട്ട് ബീറ്റ് കൂടി. എന്റെ ഒരു കൈ ബസ്സിന്റെ കമ്പിയിലും മറ്റേകൈ പോക്കറ്റിലും, ടെൻഷൻ കുടി കൂടി വന്നു, രൂപ നഷ്ടപെട്ട ആൾ പണം നഷ്ട്പെട്ട വിവരം കണ്ടക്ടറോട് പറയുകയും വണ്ടി നിർത്തുകയോ പോലീസ് സ്റ്റേഷനിലേക്കു പോവുകയും ചെയ്യും. ടെൻഷനടിച്ചു ഞാൻ വിയർക്കാൻ തുടങ്ങി, അപ്പോൾത്തന്നെ ബസ്സിന്റെ പുറകിലായി ഇരിക്കാൻ ഒരു സീറ്റ് കിട്ടി, ഒരു കൈ അപ്പോഴും വലതു പോക്കറ്റിൽ അമർത്തിപിടിച്ചിരുന്നു. ഇടക്ക് ഇറങ്ങി പോയവർ രൂപ നഷ്ടപെട്ടത് അറിഞ്ഞു ബസ്സിന്റെ പുറകെ ബൈക്കിൽ വരുന്നുണ്ടോന്ന് ബസ്സിന്റെ പുറകിലേക്ക് ഞാൻ കൂടെ കൂടെ നോക്കികൊണ്ടിരുന്നു. അപ്പോൾ ഒരാൾ കമ്പിയിൽ പിടിച്ച് ് പിടിച്ച് എന്റെ അടുത്തേക്ക് സാവകാശം വരുന്നു, എന്റെ ഹാർട്ട് ബീറ്റ് ഒരു മിനിറ്റിൽ 120നു മുകളിലായി, അയാൾ എന്റെ അടുത്ത് വന്ന് പെട്ടെന്ന് ഇരുന്നു, ഹാവൂ..... എന്ന് ശബ്ദം ഉണ്ടാക്കി, അപ്പോൾ ഞാൻ ചോദിച്ചു. (എന്റെ ശബ്ദം ഇടറിയിരുന്നു) എന്തുപറ്റി, അയ്യാൾ ശബ്ദം താഴ്ത്തി പറഞ്ഞു, ഒരു തല ചുറ്റൽ പോലെ,

അതിന് എന്താണ് കാരണം, പ്രഷർ കൂടിയോ, ഷുഗർ കുറഞ്ഞു പോയോ, ഇന്ന് ഭക്ഷണം ഒന്ന് കഴിച്ചില്ലേ, പണം വല്ലതും നഷ്ടപ്പെട്ടോ അങ്ങനെ പല ചോദ്യങ്ങളും ഞാൻ ചോദിച്ചു, ഒന്നിനും മറുപടി പറയാതെ അദ്ദേഹം തല കുനിച്ചിരുന്നു, അപ്പോഴേക്കും ഞാൻ ഇറങ്ങേണ്ട സ്ഥലമെത്തി, പെട്ടെന്ന് ഇറങ്ങി തിടുക്കത്തിൽ വീട്ടിലേക്ക് നടന്നു. നോട്ട് പുറത്ത് എടുക്കാതെ പോക്കറ്റിൽ കൈയിട്ട് നോട്ടുകളുടെ എണ്ണം ചെക്ക് ചെയ്തു കൊണ്ടാണ് നടന്നത്. ദൂരെ നിന്നും ഞാൻ വേഗത്തിൽ നടന്നു വരുന്നത് കണ്ട എന്റെ ഭാര്യ ചോദിച്ചു എന്ത് പറ്റി ഒരു പരവേശം പോലെ, ഞാൻ പറഞ്ഞു, എടി..... കുറച്ച് വെള്ളം കുടിക്കാൻ എടുത്തേ വളരെ പെട്ടെന്ന് തന്നെ എനിക്ക് വെള്ളം കൊണ്ട് തന്നു, വെള്ളം ഞാൻ കുടിക്കാൻ വായിൽ എടുത്തു ഇറക്കാൻ പറ്റാത്ത ഒരു അവസ്ഥ അല്പം സമയം ഞാൻ വെള്ളം വായിൽ തന്നെ പിടിച്ചു ശേഷം സാവകാശം ഇറക്കി, എന്നിട്ട് പറഞ്ഞു..... കുറച്ചു രൂപ കളഞ്ഞു കിട്ടിയെന്ന് പറഞ്ഞു പോക്കറ്റിൽ കൈയിട്ട് അഞ്ഞൂറിന്റെ നോട്ട് കെട്ട് പുറത്തു എടുത്തു, മടക്കു നിവർത്തി, ഇത് കണ്ട എന്റെ ഭാര്യ ആദ്യം വാ പൊളിച്ചു പിന്നെ കുലുങ്ങി ചിരിക്കാൻ തുടങ്ങി പിന്നീട് ഉറക്കെ, ഉറക്കെ ഞാൻ ആകെ ചമ്മിപ്പോയി.

അഞ്ഞൂറിന്റെ നോട്ട് കെട്ട്, നോട്ടായിരുന്നില്ല, അഞ്ചുറിന്റെ പടമുള്ള ഒരു പേഴ്സ് ആയിരുന്നു, ഇക്കാര്യം പറഞ്ഞു ഭാര്യ എന്നെ ഇടക്ക് ഇടക്ക് കളിയാക്കും. ഈ നിലക്ക് ചേട്ടന് ലോട്ടറി അടിച്ചാൽ ഹാർട്ട് അടിച്ചുപോകോലോ, ഇനി മേലാൽ താഴെ കിടക്കുന്ന ഒന്നും എടുത്തു പോക്കറ്റിൽ ഇടേണ്ട..

നമ്മുടെ ജീവിതത്തിൽ ആകസ്മികമായി സംഭവിക്കുന്ന ഏത് സാഹചര്യവും സത്യത്തിനും ദൈവഹിതത്തിനും എതിരാണെങ്കിൽ നമ്മുടെ ഹൃദയം താങ്ങില്ല. ആത്മാവ് നമ്മളോട് തിരിച്ചു ചോദിക്കും നീ ചെയ്യുന്ന പ്രവർത്തി ശരിയാണോ ഇതിനെ വകവയ്ക്കാതെ നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിയും നമ്മുടെ ഹൃദയങ്ങളെ ഉലച്ചുകളയും, രോഗങ്ങളായും, മാനസിക പീഡകളായും, മറ്റുള്ളവരിൽ നിന്ന് അകന്നും ജീവിതം മുന്നോട്ടു നയിക്കുന്ന ഒരു അവസ്ഥാവിശേഷത്തിലേക്ക് നമ്മൾ എത്തിച്ചേരും. നമ്മൾ നമ്മളായിരിക്കേണ്ടതിന് സത്യസന്ധരാവുക, ദൈവത്തിൽ ആശ്രയിക്കുക. മറ്റുള്ളവരിൽ നിന്ന് സ്നേഹം കണ്ടെത്താനുള്ള അവസരങ്ങൾ വിനിയോഗിക്കുക. മറ്റുള്ളവരുമായി നല്ല ഇടപെടലുകൾ നടത്തുക. അർഹതയില്ലാത്തത് നേടാൻ മനുഷ്യൻ കാണിക്കുന്ന വ്യഗ്രത അവന്റെ നാശത്തിലേക്ക് നയിക്കും.

അപ്രതീക്ഷിതമായി ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങൾ, സ്ഥാനമാനങ്ങൾ, ആദരവ്, ബഹുമാനം അധികാരം എന്നിവ ദൈവഹിതം ആണോ, നമുക്ക് അർഹത ഉള്ളതാണോ എന്ന് തിരിച്ചറിഞ്ഞു അതിനനുസരിച്ച് പ്രവർത്തികൾ ചെയ്തില്ലെങ്കിൽ നമ്മളെ നാശത്തിലേക്ക് നയിക്കും. 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരില് ഒരുവന് നിങ്ങള് ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത് '(മത്തായി 25:40.) സമൂഹത്തിൽ ഓരോരോ നിലപാടുകളിൽ നമ്മൾ എടുക്കുന്ന തീരുമാനങ്ങളും പ്രവൃത്തിയും ദൈവികമല്ലെങ്കിൽ എല്ലാം നാശത്തിലേക്ക് നയിക്കും. 'ഒരുവൻ ലോകം മുഴുവന് നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവന് സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും?'(മത്തായി16:26.)

ഒത്തിരി കാര്യങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ജീവിതവും, ജീവിത അന്തസ്സും രൂപപ്പെടുന്നതും. സമൂഹത്തിൽ നല്ലൊരു മനുഷ്യനായി ജീവിക്കാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് നമ്മളിൽ നിന്നും തന്നെയാണ്. നിസ്സാര കാര്യങ്ങൾക്ക് പോലും നമ്മൾ ഉൽകണ്ഠരാകുമ്പോൾ ദൈവത്തിന്റെ ഹൃദയം പോലും മരവിച്ചു പോകും. ദൈവം നമ്മളോട് പറയും ശാന്തനാകു, ശാന്തയാകു, മകനെ, മകളെ, ഞാൻ നിന്നോട് കൂടെയുണ്ട്. സ്വന്തം ഇഷ്ടത്തിനും, യുക്തിക്കനുസരിച്ച് (ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയയുടെ സ്വാധീനം യുവാക്കളെയും മുതിർന്നവരെയും ഒരു പരിധിവരെ ബാധിക്കുന്നുണ്ട്) ജീവിക്കാൻ ശ്രമിക്കുമ്പോൾ ദൈവത്തിന്റെ കൈകളിൽനിന്ന് നാം അകലുകയാണ് ചെയ്യുന്നത് ദൈവാശ്രയ ബോധത്തോടെ മുന്നോട്ട് ചലിക്കുന്ന ഓരോ നിമിഷങ്ങളും സ്വർഗ്ഗവും ഭൂമിയും സന്തോഷിക്കും. ദൈവഭയം ഉള്ളവരായി ജീവിക്കുമ്പോൾ ദൈവിക ഭാവങ്ങൾ നമ്മിൽ നിറയും, പരിശുദ്ധാത്മാവിന്റെ കൃപക്കായി നമ്മുക്ക് പ്രാർത്ഥിക്കാം.

പിന്നെ ഒരു കാര്യം കുടി എന്നെ പറ്റിച്ച ആ പേഴ്സിൽ ഒരു ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നു. അഡ്രസ്സ് നോക്കി പേഴ്സിന്റെ ഉടമയെ കണ്ടുപിടിച്ചു തിരികെ നൽകി, അപ്പോൾ തന്നെ ഹൃദയഭിത്തികൾ ശാന്തമായി മിടിച്ചു തുടങ്ങി, ഒരു ടെൻഷനും ഇല്ലാതെ ഞാൻ തിരിച്ചുനടന്നു. ശാന്തം ശുഭം.

*കഥ സാരം –*
*'നമുക്ക് അർഹതയില്ലാത്തത് നമ്മുടെ ഹൃദയം താങ്ങുല'*

# പളുങ്ക് കടൽ




**ജോസഫ് കെ.ഏ.**
പ്രസിഡന്റ്,
സെന്റ് ആന്റണീസ്
കോൺഫറൻസ്
ചെമ്മനത്തുകര, വൈക്കം
9846196941


**പ**ളുങ്ക് കടലിലെ പവിഴമുത്തുകൾ
പരതിനോക്കി കണ്ടെടുക്കണം

പുലരിപൂക്കുമാ പുതിയ നാളിനായി
കരുതലോടെ കാത്തുവെയ്ക്കണം

തിരുലിഖിതവും ദൈവശക്തിയും
തിരിച്ചറിയാൻ കരുത്തുനേടണം

ദിനദിനാന്തരം സുകൃതജീവിതം
പുതുജ്ജിയുള്താക്കി തീർന്നിടും

സുഗന്ധപൂരിതം കൃപാകടാക്ഷിതം
അനന്തമാം വിരുന്നുവേദിയിൽ

വ്യണിതമാനസം പ്രശോപിതാൽമജം
അതിനിതാന്ത സരള സൗരഭ്യം

വചനകീർത്തനം അഭിലാഷ പൂരിതം
അഭിനിവേശ സാന്ദ്ര സൽഗുണം

ജ്ഞാനദർശനം സൂക്ഷ്മ്മ പാലനം
ഉന്നതിക്കുതകിടും ധനം

രുധിരഭാവുകം നിരർഥകപ്രദം
ആത്മസാന്നിദ്ധ്യം ജീവദായകം

കർത്ത്യസന്നിധേ കടന്നുചെല്ലുവാൻ
ജീവജാലകം തുറക്കുവാൻ

സൃഷ്ടിവൈഭവം കാംക്ഷിക്കുന്നതോ
തുഷ്ടിയുള്ള ശിഷ്ടജീവിതം

ദൈവരാജ്യത്തിന്റെ നീതിപാലനം
കൃത്യമായി അനുസരിക്കണം



# ഓസാനം പകൽ വീട് : കുമ്പളം

നമ്മുടെ നാട്ടിലെ ഏകാന്തത അനുഭവിക്കുന്ന വൃദ്ധ ജനങ്ങൾക്ക് കൂട്ടായ്മയും സൗഹൃദവും വഴി മാനസികോല്ലാസം നൽകുന്ന, എല്ലാ വിഭാഗത്തിലും ഉള്ള വയോജനങ്ങൾക്കായി, എറണാകുളം സിറ്റി എ.സി. യും വൈററില എ.സി. യും സംയുക്തമായി, എറണാകുളം സി.സി യുടെ അനുമതിയോടെ, കുമ്പളം ഓസാനം ഭവനിൽ ആരംഭിച്ചിരിക്കുന്ന ഒരു പദ്ധതിയാണ് 'ഓസാനം പകൽ വീട്.' ഈ പദ്ധതി 2025 മെയ് 4 ന് ബഹു. സി.സി. പ്രസിഡന്റ് ബ്രദർ ബെന്റ്ലി താടിക്കാരൻ കുമ്പളം ഓസാനം ഭവനിൽ ഉദ്ഘാടനം നടത്തി. മാസത്തിലെ എല്ലാ ബുധനാഴ്ചകളിലും 10 മണിക്ക് ഓസാനം പകൽ വീടിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിയ്ക്ക് ഉച്ച ഭക്ഷണത്തോടെ സമാപിക്കുന്നു.

ഈശ്വര പ്രാർത്ഥനയ്ക്കുശേഷം ഹാജർ രേഖപ്പെടുത്തി എല്ലാവരെയും സ്വാഗതം ചെയ്തു കഴിയുമ്പോൾ വയോജനങ്ങൾക്ക് ചെയ്യാൻ സാധിക്കുന്ന ലളിതമായ യോഗ ആരംഭിക്കും. അരമണിക്കൂറിനു ശേഷം പ്രകൃതിയോട് ബന്ധപ്പെട്ടതോ ആരോഗ്യപരമായതോ പൊതുവായി അറിയേണ്ടതോ ആയ കാര്യങ്ങളെക്കുറിച്ച് ഒരു ക്ലാസ്, അതിൽ വൈദഗ്ദ്ധ്യം നേടിയവരെ കണ്ടെത്തി നടത്തുന്നു. പിന്നീട് പകൽ വീട്ടിൽ പങ്കെടുക്കുന്നവരുടെ കലാപരിപാടികളാണ്. പാട്ട്, അനുഭവ വിവരണം, ചിലർക്ക് സംഭവിച്ച രസകരമായ അമളികൾ, അന്താക്ഷരി, ബോൾ പാസ്സിംഗ് എന്നിങ്ങനെ വയോജനങ്ങൾക്ക് മാനസികോല്ലാസം നൽകുന്ന പരിപാടികളുമായി സമയം പോകുന്നത് അവർ അറിയുന്നില്ല.

പിന്നീട്, ചിരിപ്പിക്കാൻ മാത്രമായി വരുന്ന എൻ.ടി. ജോസ് എന്ന സഹോദരന്റെ ഹാസ്യാത്മകമായ വിവരണങ്ങൾ, മനസ്സുതുറന്ന് ആഹ്ലാദിക്കുവാൻ ഏവർക്കും സാധിക്കും. ഇവിടെ അടുത്തുള്ള

പ്രൈമറി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ ബഹു. ഹെൽത്ത് ഇൻസ്പെട്റുടെ നിർദ്ദേശപ്രകാരം പകൽ വീട്ടിൽ വരുന്നവർക്ക് സൗജന്യമായി ബി.പി ചെക്കപ്പ്, ഷുഗർ ടെസ്റ്റ്, എച്ച്.ബി. ടെസ്റ്റ് എന്നിവ മാസത്തിൽ ഒരു തവണ നടത്തുന്നു.

യോഗ നടത്തുന്ന സിന്ധു ടീച്ചറിന്റെ ധ്യാനാത്മകമായ സമാപന ക്ലാസ്സോടെ എല്ലാവരും ഉച്ച ഭക്ഷണത്തിനായി പിരിയും. അടുത്ത ഒരു ബുധനാഴ്ചയ്ക്കുവേണ്ടി അവർ കാത്തിരിക്കുകയാണെന്ന അവരുടെ കമന്റ് കേൾക്കുമ്പോൾ, നമ്മളൊക്കെ ഇങ്ങനെയൊരു പകൽ വീട് പോലൊരു സംവിധാനം ഒരുക്കുവാൻ എന്തേ ഇത്ര വൈകിയത് എന്ന ഒരു ചിന്ത നമ്മളെ അസ്വസ്ഥരാക്കുന്നു!

ഇങ്ങനെയുള്ള ഒരു സംവിധാനം വയോജനങ്ങൾക്കായി ഒരുക്കുവാൻ നമ്മുടെ മനസ്സുകളെ ഒരുക്കിയ ദൈവത്തിന് നന്ദി. ഇതിന് അനുവാദം നൽകിയ എറണാകുളം സി.സി. യ്ക്കും ഓസാനം ഭവനത്തിൽ ഇത് നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു തന്ന എറണാകുളം സിറ്റി എ.സി.യ്ക്കും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ.

ഇത് ഭംഗിയായി നടത്തുവാൻ വേണ്ട സാമ്പത്തിക വരുമാനങ്ങൾ ഒരുക്കി തരുന്ന എല്ലാവരെയും ഇത് നിലനിർത്തി കൊണ്ടുപോകുവാൻ സഹായിക്കുന്നവരെയും നന്ദിയോടെ സ്മരിക്കുന്നു. കൂടുതൽ തീഷ്ണതയോടെ ഇത് നിലനിറുത്തുവാൻ എല്ലാ സഹോദരങ്ങളുടെയും പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.

**സാജു പാലത്തിങ്കൽ**
വൈറ്റില എ.സി. പ്രസിഡന്റ്

**ഓസനാം തൊപ്പിയെടുത്ത് അഭിവാദനം**
**ചെയ്തുകൊണ്ടാണു പാവങ്ങളുടെ ഭവനങ്ങളിലേക്കു**
**കടന്നു ചെന്നിരുന്നത്.**
**അദ്ദേഹം അവരോടു പറയുമായിരുന്നു –**
**'ഞാൻ നിങ്ങളുടെ സേവകനാണ്.'**

കവിത



# 'സ്നേഹക്കൂട്'

**കുമാരൻ**
സ്നേഹവീട് അംഗം
ശ്രീനിലയം, കുമ്പളം

കുമ്പളം നാടിൻ അഭിമാനമാകട്ടെ
'ഓസ്സാനാം പകൽ വീടെ'ന്ന സ്വപ്നം
നിസ്വാർത്ഥ സേവനം സ്വായത്തമാക്കിയ
കർമ്മനിരതരാം സംഘാടകരെ!
നിങ്ങൾക്കായിരം അഭിനന്ദനം.
മാനസ സമ്മർദ്ദമെല്ലാം മറക്കുവാൻ
അത്താണിയാകട്ടെ ഈ 'പകൽ വീട്'
ജാതി മത ചിന്തയില്ലാതെ എന്നും
ഒന്നിച്ചു ചേരുവാൻ ഒരു 'പകൽ വീട്'
പ്രായമായവർക്കെല്ലാം മറക്കുവാൻ
വിശ്രമിക്കാനൊരു 'പകൽ വീട്'
ഇത്തിരി നേരം കൊണ്ട് ഒത്തിരി നല്ല കാര്യങ്ങൾ
പഠിക്കാൻ പഠിപ്പിക്കാൻ നല്ലൊരിടമാണീ 'പകൽ വീട്'
വിജ്ഞാനത്തിനും വിനോദത്തിനും
'ആരോഗ്യ സംരക്ഷണം' - 'യോഗാസനം'
പരസ്പരമറിയാനും അറിയിക്കാനും
മാതൃകാ സ്ഥാനമാണീ 'പകൽ വീട്'
ലാഭേച്ഛ കൂടാതെ ഒരു നേരം ഭക്ഷണം
എന്നും നൽകുന്ന നിങ്ങൾക്കഭിമാനമാകട്ടെയീ 'പകൽ വീട്'.

## സി. സി. വാർത്തകൾ

### എറണാകുളം സി.സി. വാർഷികവും പ്ലാറ്റിനം ജൂബിലി സമാപനവും സംഘടിപ്പിച്ചു.



വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളും എറണാകുളം സെട്രൽ കൗൺസിലിന്റെ പ്ലാറ്റിനം ജൂബിലി സമാപനവും കളമശ്ശേരി രാജഗിരി സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിൽ ആത്മീയ നിറവോടെ നടന്നു. സേവനപാരമ്പര്യത്തോടുള്ള പ്രതിബദ്ധതയും വിൻസെൻഷ്യൻ സഹോദര്യവും ഇഴചേർന്ന ഒരു മഹാസംഗമമായി സമ്മേളനം മാറി.

എറണാകുളംഅങ്കമാലി അതിരൂപത മേജർ ആർച്ച്ബിഷപ്പിന്റെ വികാരി ബിഷപ് മാർ ജോസഫ് പാംപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡൻറ് ബ്രദർ ബെന്റ്ലി താടിക്കാരൻ അധ്യക്ഷത വഹിച്ചു.

സീനിയർ വൈസ് പ്രസിഡന്റ് ബ്രദർ ജോർജ്ജ് ജോസഫ് സ്വാഗതം നിർവഹിച്ചു. തുടർന്ന് ജോയിന്റ് സെക്രട്ടറി ബ്രദർ ജോൺസൺ പറമ്പൻ, കഴിഞ്ഞ ഒരുവർഷത്തിനിടെ സ്വർഗ്ഗസ്ഥരായ വിൻസെൻഷ്യൻ അംഗങ്ങളെ അനുസ്മരിച്ചു പ്രാർത്ഥന നയിച്ചു. വാർഷിക റിപ്പോർട്ട് സെക്രട്ടറി ബ്രദർ കെ.വി. പോളും, കണക്ക് ട്രഷറർ ബ്രദർ ജോസഫ് കുഞ്ഞുകുര്യനും അവതരിപ്പിച്ചു.

തിരുവനന്തപുരത്തെ ശാന്തിഗിരി ആശ്രമം സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾ റവ. ഫാ. ആന്റോ ചേരാംതുരുത്തി അനുഗ്രഹ സന്ദേശം

നൽകി. സമ്മേളനത്തെ റവ. ഫാ. ബെന്നി നൽക്കര സി.എം.ഐ., കെ.ആർ.സി.സി. വനിത പ്രതിനിധി സിസ്റ്റർ ദീപമനു, സി.സി. യൂത്ത് പ്രതിനിധി ബ്രദർ അലൻ പോൾ എന്നിവർ അഭിസംബോധന ചെയ്തു.

പ്രായം കഴിഞ്ഞിട്ടും വിവാഹം കഴിക്കാത്ത വിവാഹാർത്ഥികൾക്കായുള്ള "നിനക്കായി" എന്ന പുതിയ പദ്ധതിയുടെ ഉദ്ഘാടനം ദേശീയ കൗൺസിൽ അംഗം ലിറ്റോ പാലത്തിങ്കൽ നിർവഹിച്ചു.

സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ.ഫാ. തോമസ് പെരുമായൻ വിശുദ്ധ കുർബാന അർപ്പിച്ചു. കോഡിനേറ്റർ ബ്രദർ പീറ്റർ സെബാസ്റ്റ്യൻ സമ്മേളനത്തിന് നന്ദി രേഖപ്പെടുത്തി. കലാപരിപാടികളും സ്നേഹവിരുന്നും വിൻസെൻഷ്യൻ ഐക്യവും സൗഹൃദവും ശക്തിപ്പെടുത്തുന്ന അനുഭവമായിരുന്നു

**ഓസാനം കെയർ സെന്ററിൽ ക്രിസ്തുമസ് ആഘോഷം**



അശരണർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും എല്ലാ ദിവസവും സ്നേഹത്തോടും കരുണയോടും കൂടി ഭക്ഷണം ഒരുക്കി നൽകുന്ന ഓസാനം കെയർ സെന്ററിൽ ക്രിസ്തുമസ് ആഘോഷം ഭക്തിസാന്ദ്രമായി സംഘടിപ്പിച്ചു.

എറണാകുളം അങ്കമാലി അതിരൂപതയുടെ പ്രോ. വികാരി ജനറൽ റവ. ഫാ. തോമസ് പുതിയേടത്തിന്റെ ആത്മീയ സാന്നിധ്യത്തിലും, സി.സി. ബോർഡ് അംഗങ്ങളുടെയും, അന്നത്തെ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയ പന്തക്കൽ സെന്റ് മേരീസ് കോൺഫ്രൻസ് അംഗങ്ങളുടെയും നേതൃത്വത്തിലുമായിരുന്നു ആഘോഷങ്ങൾ.

ക്രിസ്തുമസിന്റെ യഥാർത്ഥ സന്ദേശമായ സ്നേഹവും കരുണയും പങ്കുവെയ്പും ഓർമിപ്പിക്കുന്നതായിരുന്നു ഈ ആഘോഷം.

# എ. സി. വാർത്തകൾ

## മലയാറ്റൂർ എ.സി.

### വായോജന സംഗമം



22.05.2025 ന് മലയാറ്റൂർ എ.സി. നടുവട്ടം സെന്റ് ആന്റണിസ് കോൺഫറൻസ് വായോജന സംഗമം സംഘടിപ്പിച്ചു. 70 വയസ്സിനു മുകളിൽ പ്രായം ഉള്ളവർക്കും, 70 വയസ്സിന് താഴെ പ്രായം ഉള്ള പള്ളിയിൽ വരാൻ സാധിക്കാത്തവരെ ഉദ്ദേശിച്ചാണ് ഈ പ്രോഗ്രാം അറേഞ്ച് ചെയ്തത്. 245 ഓളം പേര് പങ്കെടുത്തു രാവിലെ 9.30 ന് കുമ്പസാരത്തോടെ ആരംഭിച്ചു. 10 ന് ഫാ. ബൈജു കിടങ്ങേൻ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ചു. അതിന് ശേഷം 11 മണിക്ക് ഈശ്വര പ്രാർത്ഥനയോടെ യോഗം നടപടികൾ ആരംഭിച്ചു ബ്ര. കെ.പി. പോളച്ചൻ സ്വാഗതം പറഞ്ഞു. സെന്റ് ആന്റണീസ് കോൺഫറൻസ് പ്രസിഡന്റ് ബ്ര. കെ.പി. വർഗീസ് അധ്യക്ഷനായ യോഗത്തിൽ കോൺഫറൻസിന്റെ ആത്മീയ ഉപദേഷ്ടാവ് ഫാ. തോമസ് നരികുളം, ഫാ. ബൈജു കിടങ്ങേൻ, ഫാ ജെസ്‌ലിൻ തെറ്റയിൽ, സി.സി. കോർഡിനേറ്റർ ബ്ര. പി.ഡി. ജോർജ്, മലയാറ്റൂർ എ.സി. പ്രസിഡന്റ് ബ്ര. പി.പി. ജോയ്, വൈസ് ചെയർമാൻ ആന്റണി കരിങ്ങേൻ, ട്രസ്റ്റി. ബിനിൽ വല്ലൂരാൻ തുടങ്ങിവർ ആശംസകൾ നേർന്നു സംസാരിച്ചു. വയോജന സംഗമത്തിൽ വന്നവർ പാട്ടുകൾ പാടുക ഉണ്ടായിരുന്നു. ബ്ര ആന്റണി മാണിക്യത്താന്റെ നന്ദി പ്രകാശനത്തോട് കൂടി യോഗം നടപടികൾ അവസാനിച്ചു. തുടർന്ന് സ്നേഹവിരുന്ന് ആയിരുന്നു. വയോജന സംഘമത്തിൽ പങ്കെടുക്കാൻ പള്ളിയിൽ വരുവാൻ സാധിക്കാത്തവർക്ക് വീട്ടിൽ നിന്ന് വരുമാനം തിരിച്ചു പോകുവാനും വേണ്ടി കോൺഫറൻസ് സംഘങ്ങൾ വാഹന സൗകര്യം ഒരുക്കി കൊടുത്തു. 1.30 ഓടെ പരിപാടികൾ സമാപിച്ചു.

## കാഞ്ഞൂർ എ.സി.

### വാർഷിക സമ്മേളനം



കാഞ്ഞൂർ ഏരിയ കൗൺസിൽ 52-ാമത് വാർഷികസമ്മേളനം റെവ. ഫാ. ജോയ് കണ്ണമ്പുഴ നിർവഹിക്കുന്നു. റവ. ഫാ. ജോസ് പൈനുങ്കൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ യൂത്ത് വൈ. പ്രസിഡന്റ് ബ്രദർ പോളച്ചൻ ഔസേഫ്കുട്ടി, സോണൽ കോർഡിനേറ്റർ ബ്രദർ പി.ഡി. ജോർജ്, എ.സി. പ്രസിഡന്റ് ബ്രദർ പി.വി. സ്റ്റീഫൻ, സി. ഡോ. പ്രീത സി.എസ്.എൻ., സിജോ ജോർജ് തുടങ്ങിയവർ സമീപം

### പുതിയ കോൺഫറൻസ് സ്ഥാപിച്ചു.

കാഞ്ഞൂർ എ.സി. യിൽ കാഞ്ഞൂർ പള്ളിയുടെ കുരിശുപള്ളിയിൽ 20 അംഗങ്ങളുള്ള പുതിയൊരു കോൺഫറൻസ് സ്ഥാപിച്ചു. പ്രസ്തുത കോൺഫറൻസിന്റെ പ്രഥമ പ്രസിഡന്റായി ബ്രദർ ജോർജ്ജ് കെ.ഡി. യെ തിരഞ്ഞെടുത്തു.

## വൈറ്റില എ.സി.

### രക്ത ദാന ക്യാമ്പും നേത്ര പരിശോധനാ ക്യാമ്പും




2025 ജൂൺ 22 ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണി വരെ, വൈറ്റില ഏരീയ കൗൺസിലിന്റെ നേതൃത്വത്തിൽ, കൊച്ചിൻ ഐഎംഎ യുടെയും കേരള ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെയും സഹകരണങ്ങളോടെ പൂണിത്തുറ സെന്റ് ജെയിംസ് പള്ളി മിനി ഹാളിൽ വെച്ച് രക്ത ദാന ക്യാമ്പും, പൂണിത്തുറ സെന്റ് ജോർജ്ജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ, കടവന്ത്ര ലോട്ടസ് ഐ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നേത്ര പരിശോധനാ ക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. സെന്റ് ജെയിംസ് പള്ളി വികാരി ബഹു. വർഗ്ഗീസ് പെരുമായനച്ചൻ രക്തദാനം നടത്തി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

മുൻ ഐഎംഎ പ്രസിഡന്റ് ഡോ. ജുനൈദ് റഹ്മാൻ രക്ത ദാന സന്ദേശം നൽകി. ക്യാമ്പ് കൺവീനർ ബ്രദർ ബെന്നി കെ.വി. സ്വാഗതം ആശംസിച്ച യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്രദർ സാജു പാലത്തിങ്കൽ അദ്ധ്യക്ഷനായിരുന്നു. സെന്റ് വിൻസെന്റ് ഡി പോൾ സൈസൈറ്റി സോണൽ കോർഡിനേറ്റർ ബ്രദർ ബെന്നി ചെറിയാൻ, കൊച്ചിൻ ബ്ലഡ് ഡോണേഴ്സ് ഫോറം പ്രസിഡന്റ് ശ്രീ. രാജീവ് മേനോൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ച യോഗത്തിന് വൈറ്റില എ.സി. വൈസ് പ്രസിഡന്റ് ബ്ര. പി.എ. വർഗ്ഗീസ് കൃതജ്ഞത പ്രകാശിപ്പിച്ചു. 32 യൂണിറ്റ് രക്തം ഈ ക്യാമ്പിൽ ശേഖരിക്കുകയുണ്ടായി.

## വൈറ്റില എ.സി. വാർഷികവും സെന്റ് മദർ തെരേസാ വനിതാ കോൺഫ്രൻസ് ഉദ്ഘാടനവും




